(ബി) വിവരം ശേഖരിച്ചുവരുന്നു.

(സി) ഡി. ആർ. ഡി. എ.-കളുടെ ഭരണച്ചെലവുകൾക്ക് 'എ' പിരിവിൽ പറഞ്ഞ പദ്ധതി പ്രകാരം നിശ്ചയിച്ചിട്ടുള്ള തുകയുടെ 10% സംസ്ഥാന തലത്തിൽ വിനിയോഗിക്കാവുന്നതാണ്.

(ഡി) കമ്മീഷണറുടെയും അഡീഷണൽ ഡവലപ്പ്മെന്റ് കമ്മീഷണർ I-ന്റെയും ജോയിന്റ് അക്കൗണ്ടിൽ 19-7-2004-ൽ 46,69,372.76 രൂപ ബാക്കിയുണ്ട്.

ഡി. ആർ. ഡി. എ. പ്രോജക്ട് ഓഫീസർമാരുടെ നിയമനം

171 [3576] ശ്രീ. വി. കെ. ചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമ വികസനവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഡി. ആർ. ഡി. എ.-യിൽ പ്രോജക്ട് ആഫീസർമാരെ നിയമിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമാണ്;

(ബി) ഒരാളെ ഒരു സ്ഥലത്ത് ഒരു നിശ്ചിത കാലാവധി വരെ പ്രോജക്ട് ഓഫീസറായി തുടരാൻ അനുവദിക്കുന്ന കാര്യം ഗവൺമെന്റ് പരിഗണിക്കുമോ;

(സി) ഡി. ആർ. ഡി. എ.-കളിലെ ഭരണച്ചെലവ് സംസ്ഥാന ഗവൺമെന്റാണോ കേന്ദ്രഗവൺമെന്റാണോ വഹിക്കുന്നത് എന്ന് വ്യക്തമാക്കാമോ;

(ഡി) ഡി. ആർ. ഡി. എ. ഓഫീസുകളിലെ ഭരണച്ചെലവുകൾ അധികമാണെന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഇ) എങ്കിൽ ഇതൊഴിവാക്കാൻ എന്തു നടപടികളാണ് സർക്കാർ സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വിശദീകരിക്കാമോ?

ഉത്തരം

(എ) ഗ്രാമവികസന വകുപ്പിലെ ഡെപ്യൂട്ടി ഡവലപ്പ്മെന്റ് കമ്മീഷണർ തസ്തികയിലുള്ളവരെയാണ് ഡി. ആർ. ഡി. എ.-യിൽ പ്രോജക്ട് ഓഫീസറായി നിയമിക്കുന്നത്.

(ബി) ഇപ്പോൾ പരിഗണനയിലില്ല.

(സി) ജില്ലാ ഗ്രാമവികസന ഏജൻസികളിലെ ഭരണച്ചെലവ് കേന്ദ്ര സംസ്ഥാന സർക്കാരുകൾ 75:25 എന്ന അനുപാതത്തിലാണ് വഹിക്കുന്നത്.

(ഡി) ഇല്ല.

(ഇ) ബാധകമല്ല.

LIBRARY ARCHIVES Kerala Legislative Assembly